

# ജനഹിതം

## വാർത്താപത്രിക


സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

ലക്കം 11

നവംബർ 2025


# പൊതുതിരഞ്ഞെടുപ്പ് 2025



## ജില്ലകളിൽ വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതി

(സമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണി വരെ)

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ :

**2025 ഡിസംബർ 9 (ചൊവ്വ)**

തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ :

**2025 ഡിസംബർ 11 (വ്യാഴം)**



വോട്ടെണ്ണൽ :

**2025 ഡിസംബർ 13 (ശനി) രാവിലെ 8 മണിമുതൽ)**

തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതി:

**2025 ഡിസംബർ 18 (വ്യാഴം)**


സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ജനഹിതം, ടി.സി-27/6(2), വികാസ് ഭവൻ പി.ഒ,
തിരുവനന്തപുരം-695033, ഫോൺ 0471 2325048, Email : cru.sec@kerala.gov.in, Website : www.sec.kerala.gov.in,
Facebook @ StateElectionCommissionKerala, Instagram : sec_kerala_official

# തദ്ദേശ തിരഞ്ഞെടുപ്പ് 2025

ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതിക്കനുസരിച്ച് നിലവിൽ വന്ന 1994 ലെ കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി നിയമങ്ങൾ പ്രകാരം റൂറൽ മേഖലയിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളും അർബൻ മേഖലയിൽ മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളും രൂപീകരിക്കപ്പെട്ടു. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലേക്കും അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള ചുമതല ഭരണഘടനാ സ്ഥാപനമായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അർപ്പിതമാണ്. 1993 ഡിസംബർ 3-ാം തീയതി രൂപീകൃതമായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 1995 മുതൽ കൃത്യമായും 5 വർഷം കൂടുമ്പോൾ തദ്ദേശ തിരഞ്ഞെടുപ്പ് നടത്തി വരുന്നു. കേരളത്തിൽ അഞ്ച് തലത്തിലേക്കുമുള്ള തദ്ദേശ തിരഞ്ഞെടുപ്പ് ഒരേ സമയത്താണ് നടത്തിവരുന്നത്.


സംസ്ഥാനത്ത് നിലവിൽ 1200 തദ്ദേശ സ്ഥാപനങ്ങൾ ഉണ്ട്. 941 ഗ്രാമ പഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ. 87 മുനിസിപ്പാലിറ്റികൾ 6 കോർപ്പറേഷനുകൾ എന്നിവയിൽ ആകെ 23612 വാർഡുകളാണുള്ളത്. ഓരോ വാർഡും നിയോജകമണ്ഡലമാണ്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ നടത്തുന്നതിനായി വോട്ടർ പട്ടിക തയ്യാറാക്കി മുന്നൊരുക്കങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

941 ഗ്രാമപഞ്ചായത്തുകളിലെ 17337 വാർഡുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2267 വാർഡുകൾ, 14 ജില്ലാ പഞ്ചായത്തുകളിലെ 346 വാർഡുകൾ, മട്ടന്നൂർ ഒഴികെയുള്ള 86 മുനിസിപ്പാലിറ്റികളിലെ 3205 വാർഡുകൾ, ആറ് കോർപ്പറേഷനുകളിലെ 421 വാർഡുകൾ എന്നിവയിലേക്കാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്.

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെ നിലവിലെ ഭരണസമിതി കാലയളവ് ഡിസംബർ 20ന് അവസാനിക്കും. 2020ൽ പൊതു തിരഞ്ഞെടുപ്പ് ഡിസംബർ 8, 10, 14 തീയതികളിലാണ് നടന്നത്. വോട്ടെണ്ണൽ 16നും സത്യപ്രതിജ്ഞ 21നു മായിരുന്നു. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭ ഒഴികെ സംസ്ഥാനത്തെ 1199 തദ്ദേശസ്ഥാപനങ്ങളിലേക്കുമുള്ള പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയാണ്. മട്ടന്നൂർ നഗരസഭയുടെ കാലാവധി 2027 സെപ്റ്റംബർ 10ന് മാത്രമേ അവസാനിക്കൂ. 941 ഗ്രാമപഞ്ചായത്തുകളിലെ 17337 വാർഡുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2267 വാർഡുകൾ, 14 ജില്ലാ പഞ്ചായത്തുകളിലെ 346 വാർഡുകൾ, 86 മുനിസിപ്പാലിറ്റികളിലെ 3205 വാർഡുകൾ, ആറ് കോർപ്പറേഷനുകളിലെ 421 വാർഡുകൾ എന്നിവയിലേക്കാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. തിരഞ്ഞെടുപ്പ് നടക്കുന്നത് ആകെ 23576 വാർഡുകളിലേക്കാണ്.

പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി ഡീലിമിറ്റേഷൻ കമ്മീഷൻ തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തിയിരുന്നു. 2024ൽ സർക്കാർ പുതുക്കി നിശ്ചയിച്ച അംഗസംഖ്യ പ്രകാരവും 2011ലെ സെൻസസ് ജനസംഖ്യ അടിസ്ഥാനമാക്കിയുമാണ് വാർഡ് വിഭജനം നടത്തിയത്.






ഒക്ടോബർ 25 ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർ പട്ടികയിൽ 1,34,12,470 പുരുഷന്മാരും 1,50,18,010 സ്ത്രീകളും 281 ട്രാൻസ്ജെൻഡറുകളും ഉൾപ്പെടെ ആകെ 2,84,30,761 വോട്ടർമാരാണുള്ളത്. പ്രവാസി ഭാരതീയർക്കുള്ള വോട്ടർ പട്ടികയും തയ്യാറാക്കിയിട്ടുണ്ട്. പ്രവാസി പട്ടികയിൽ 2484 പുരുഷന്മാരും 357 സ്ത്രീകളും ഉൾപ്പെടെ ആകെ 2841 വോട്ടർമാരാണുള്ളത്. ഒക്ടോബർ 25 ന് പ്രസിദ്ധീകരിച്ച അന്തിമ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് പേര് ചേർക്കുന്നതിന് നവംബർ 4, 5 തീയതികളിൽ വീണ്ടും അവസരം നൽകിയിരുന്നു. അതോടൊപ്പം ഒഴിവാക്കലിനും ഭേദഗതിയ്ക്കും സ്ഥാനമാറ്റത്തിനും അവസരമുണ്ടായിരുന്നു. സപ്ലിമെന്ററി ലിസ്റ്റുകൾ 14ന് പ്രസിദ്ധീകരിച്ച് അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് സൗജന്യമായി നൽകിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടേത് ഒന്നാം ഘട്ടമായും ബ്ലോക്ക് പഞ്ചായത്തുകളുടേത് രണ്ടാം ഘട്ടമായും ജില്ലാ പഞ്ചായത്തുകളുടേത് മൂന്നാംഘട്ടമായുമാണ് വാർഡ് വിഭജനം പൂർത്തിയാക്കിയത്. പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി, തൃക്കടീരി ഗ്രാമപഞ്ചായത്ത് എന്നിവയിൽ വാർഡ് വിഭജനം ആവശ്യമായിരുന്നില്ല. വാർഡ് വിഭജനത്തിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും ഡിജിറ്റൽ വാർഡ് മാപ്പ് IKM സഹായത്തോടെ തയ്യാറാക്കി. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ചെയർമാനും ഗവ. സെക്രട്ടറിമാരായ ഡോ. രത്തൻ യു ഖേൽക്കർ ഐഎഎസ്, കെ ബിജു ഐഎഎസ്, എസ് ഹരികിഷോർ ഐഎഎസ്, ഡോ. കെ വാസുകി ഐഎഎസ് എന്നിവർ അംഗങ്ങളുമായ ഡീലിമിറ്റേഷൻ കമ്മീഷനാണ് വാർഡ് വിഭജനം നടത്തിയത്.

വോട്ടെടുപ്പിനായി 33,711 പോളിംഗ് സ്റ്റേഷനുകൾ ഉണ്ടാകും. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വാർഡുകളിലേക്കുള്ള വോട്ട് രേഖപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്കായി 28,127 ഉം മുനിസിപ്പാലിറ്റികൾക്ക് 3569 ഉം കോർപ്പറേഷനുകൾക്ക് 2015 ഉം പോളിംഗ് സ്റ്റേഷനുകളുമാണുള്ളത്. പഞ്ചായത്ത് തലത്തിൽ ഒരു വോട്ടർ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലേക്ക് മൂന്ന് വോട്ടും നഗരസഭാതലത്തിൽ ഒരു വോട്ടുമാണ് രേഖപ്പെടുത്തേണ്ടത്.


തദ്ദേശ സ്ഥാപനങ്ങളിൽ 2020ലെ പൊതു തിരഞ്ഞെടുപ്പിനായി തയ്യാറാക്കിയ വോട്ടർപട്ടിക 2023 ലും 2024 ലും 2025ൽ രണ്ടുതവണയും സംക്ഷിപ്തമായി പരിഷ്കരിച്ചാണ് 2025 ലെ പൊതു തിരഞ്ഞെടുപ്പിനായി ഉപയോഗിക്കുന്നത്. കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ 2014ലെ അസംബ്ലി ബൂത്തുതല വോട്ടർപട്ടിക ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർ വീട് വീടാന്തരം സന്ദർശിച്ച് വാർഡുതലത്തിൽ ക്രമീകരിച്ചിരുന്നു. അത്തരത്തിൽ തയ്യാറാക്കിയ വോട്ടർപട്ടിക 2015 ലും 2020 ലും ആവശ്യമായ പുതുക്കലുകൾ വരുത്തി പൊതു തിരഞ്ഞെടുപ്പുകൾക്കും അതിനെ തുടർന്നുനടന്ന ഉപതിരഞ്ഞെടുപ്പുകൾക്കും ഉപയോഗിച്ചിരുന്നു. സംസ്ഥാനത്താകെ 1200 തദ്ദേശ സ്ഥാപനങ്ങളിലുണ്ടായിരുന്ന 21900 വാർഡുകൾ ഡീലിമിറ്റേഷൻ പ്രക്രിയവഴി 23,612 ആയി വർധിച്ചു.

പുതിയ വാർഡുകൾക്കനുസൃതമായി വോട്ടർപട്ടിക 2025 ആഗസ്റ്റിലും ഒക്ടോബറിലും രണ്ട് പ്രാവശ്യം പുതുക്കിയിരുന്നു. ആഗസ്റ്റിൽ തയ്യാറാക്കിയ വോട്ടർ പട്ടിക സെപ്റ്റംബർ 29ന് വീണ്ടും കരടായി പ്രസിദ്ധീകരിക്കുകയും അന്തിമ പട്ടിക ഒക്ടോബർ 25 ന് പ്രസിദ്ധീകരിക്കുകയും ചെയ്തു.

തദ്ദേശസ്ഥാപനങ്ങളിലെ വാർഡ് സംവരണം സംബന്ധിച്ച് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടേത് ജില്ലാ കളക്ടറും, മുനിസിപ്പാലിറ്റികളുടേത് തദ്ദേശ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറും കോർപ്പറേഷനുകളുടേത് തദ്ദേശ വകുപ്പ് അർബൻ ഡയറക്ടറുമായിരുന്നു അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ. സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടിക വർഗ്ഗ സ്ത്രീ, പട്ടികജാതി, പട്ടിക വർഗ്ഗം എന്നിങ്ങനെ അഞ്ച് വിഭാഗങ്ങൾക്കുള്ള സംവരണ വാർഡുകളുടെ എണ്ണം സർക്കാർ നിശ്ചയിച്ചിരുന്നു. അതനുസരിച്ച് ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പിലൂടെയാണ് സംവരണ വാർഡുകൾ കണ്ടെത്തിയിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷ സ്ഥാനങ്ങളുടെ സംവരണം കമ്മീഷൻ നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. അദ്ധ്യക്ഷസ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യാത്ത തദ്ദേശ സ്ഥാപനങ്ങളിൽ ഉപാധ്യക്ഷസ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

**50,693**
**കൺട്രോൾ യൂണിറ്റുകളും**
**1,37,922**
**ബാലറ്റ് യൂണിറ്റുകളുമാണ് തിരഞ്ഞെടുപ്പിനായി തയ്യാറാക്കിയിട്ടുള്ളത്. ത്രിതല പഞ്ചായത്തുകളിൽ ഓരോ പോളിംഗ് സ്റ്റേഷനിലും ഒരു കൺട്രോൾ യൂണിറ്റും മൂന്ന് ബാലറ്റ് യൂണിറ്റുകളും ഉപയോഗിക്കും.**

വോട്ടെടുപ്പിനായി ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഹൈദരാബാദ് ആസ്ഥാനമായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനു വേണ്ടി നിർമ്മിച്ചു നൽകിയവയാണ്. ഇവയുടെ പരിശോധന ECIL എൻജിനീയർമാരുടെ നേതൃത്വത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. 50,693 കൺട്രോൾ യൂണിറ്റുകളും 1,37,922 ബാലറ്റ് യൂണിറ്റുകളുമാണ് അത്തരത്തിൽ തിരഞ്ഞെടുപ്പിനായി തയ്യാറാക്കിയിട്ടുള്ളത്. ത്രിതല പഞ്ചായത്തുകളിൽ ഓരോ പോളിംഗ് സ്റ്റേഷനിലും ഒരു കൺട്രോൾ യൂണിറ്റും മൂന്ന് ബാലറ്റ് യൂണിറ്റുകളും ഉപയോഗിക്കും. പരിശോധന പൂർത്തിയാക്കിയ മെഷീനുകളിൽ വോട്ടെടുപ്പിന് ഒരാഴ്ച മുമ്പ് കാൻഡിഡേറ്റ് സെറ്റിംഗ് നടത്തും. ഒരു ബാലറ്റ് യൂണിറ്റിൽ പരമാവധി 15 സ്ഥാനാർത്ഥികളുടെ പേരും ചിഹ്നവുമാണ് രേഖപ്പെടുത്തുന്നത്. 15ൽ അധികം സ്ഥാനാർത്ഥികൾ ഉണ്ടാവുകയാണെങ്കിൽ അധിക ബാലറ്റ് യൂണിറ്റ് സജ്ജമാക്കും. വോട്ടെടുപ്പിന് ആവശ്യമായ പോളിംഗ് സാധനങ്ങളും ഫാറങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇവിഎമ്മുകൾ വോട്ടെടുപ്പിന് ഒരാഴ്ച മുമ്പ് ജില്ലാ വെയർഹൗസിൽ നിന്നും വരണാധികാരികൾക്ക് ലഭ്യമാക്കും.




തിരഞ്ഞെടുപ്പിനായി വരണാധികാരികളെയും ഉപവരണാധികാരികളെയും കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ വരണാധികാരി ജില്ലാ കളക്ടറാണ്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയ്ക്ക് ഒന്ന് വീതവും മുനിസിപ്പാലിറ്റി കോർപ്പറേഷനുകൾക്ക് വാർഡുകളുടെ എണ്ണത്തിനനുസരിച്ച് ഒന്നിലധികവും വരണാധികാരികൾ ഉണ്ടാവും. ആകെ 1249 വരണാധികാരികളാണുള്ളത്. ഓരോ വരണാധികാരിക്കും ഒന്നിലധികം ഉപവരണാധികാരികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

**തിരഞ്ഞെടുപ്പിനായി വരണാധികാരികളെയും ഉപവരണാധികാരികളെയും കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.**

**ജില്ലാ പഞ്ചായത്തിന്റെ വരണാധികാരി ജില്ലാ കളക്ടറാണ്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയ്ക്ക് ഒന്ന് വീതവും മുനിസിപ്പാലിറ്റി / കോർപ്പറേഷനുകൾക്ക് വാർഡുകളുടെ എണ്ണത്തിനനുസരിച്ച് ഒന്നിലധികവും വരണാധികാരികൾ ഉണ്ടാവും.**

ഓരോ പോളിംഗ് സ്റ്റേഷനിലും ഒരു പ്രിസൈഡിംഗ് ഓഫീസർ, 3 പോളിംഗ് ഓഫീസർമാർ എന്നിവരെ വോട്ടെടുപ്പിനായി നിയോഗിക്കും. വോട്ടെടുപ്പിനും പോളിംഗ് സാധനങ്ങളുടെ വിതരണത്തിനും മറ്റുമായി ഒരു ലക്ഷത്തി എൺപതിനായിരത്തോളം (1,80,000) ഉദ്യോഗസ്ഥരെ നിയോഗിക്കും. കൂടാതെ സുരക്ഷാ ഉദ്യോഗസ്ഥരെയും നിയോഗിക്കും. പോളിംഗ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം വോട്ടെടുപ്പിന് മുമ്പ് നൽകും. പോളിംഗ് സാധനങ്ങളുടെ വിതരണത്തിനും പോളിംഗിനു ശേഷം അവ തിരികെ വാങ്ങി സൂക്ഷിക്കുന്നതിനുമുള്ള വിതരണ-സ്വീകരണ കേന്ദ്രങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.



ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് തലത്തിലും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളെ സംബന്ധിച്ച് അതത് സ്ഥാപനതലത്തിലുമാണ് വിതരണ, സ്വീകരണ കേന്ദ്രങ്ങൾ സജ്ജമാക്കുന്നത്. വോട്ടെണ്ണലും ഇതേ കേന്ദ്രങ്ങളിൽവച്ചാണ് നടത്തുന്നത്. അത്തരത്തിൽ സംസ്ഥാനത്താകെ 244 കേന്ദ്രങ്ങൾ ഉണ്ടാകും.

തദ്ദേശതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് രാഷ്ട്രീയ പാർട്ടികൾക്ക് ചിഹ്നം അനുവദിച്ച് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. നാല് പട്ടികകളായി തിരിച്ചാണ് ചിഹ്നങ്ങൾ അനുവദിച്ചിട്ടുള്ളത്. ഒന്നാം പട്ടികയിൽ ദേശീയ പാർട്ടികൾക്കും രണ്ടാം പട്ടികയിൽ കേരളത്തിലെ സംസ്ഥാന പാർട്ടികൾക്കുമാണ് ചിഹ്നങ്ങൾ നൽകിയിട്ടുള്ളത്. മൂന്നാം പട്ടികയിൽ മറ്റ് സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും അംഗീകൃത പാർട്ടികൾക്കും, കേരള നിയമസഭയിലോ തദ്ദേശസ്ഥാപനങ്ങളിലോ പ്രാതിനിധ്യമുള്ള പാർട്ടികൾക്കുമുള്ള ചിഹ്നങ്ങളാണ് നൽകിയിട്ടുള്ളത്. നാലാം പട്ടികയിലെ ചില സ്വതന്ത്ര ചിഹ്നങ്ങൾ മുൻഗണനാപ്രകാരം നൽകുന്നതിന് രജിസ്ട്രേഡ് രാഷ്ട്രീയ പാർട്ടികൾക്ക് അനുവദിച്ചിട്ടുണ്ട്. അല്ലാത്തവ സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് നൽകും. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃക പെരുമാറ്റച്ചട്ടം പ്രാബല്യത്തിൽവന്നിരിക്കുകയാണ്. പെരുമാറ്റച്ചട്ടം സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും ബാധകമായിരിക്കും. സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവവുമായ തിരഞ്ഞെടുപ്പ് നടത്തുന്നതിനാണ് പെരുമാറ്റച്ചട്ടം ഏർപ്പെടുത്തുന്നത്. ജാതിയുടെയോ സമുദായത്തിന്റെയോ ഭാഷയുടെയോ പേരിൽവോട്ട് ചോദിക്കുകയോ മതസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവ തിരഞ്ഞെടുപ്പ് പ്രവർത്തനത്തിന് ഉപയോഗിക്കാനോ പാടില്ല. മതപരമോ വംശപരമോ സമുദായപരമോ ഭാഷാപരമോ ആയ സംഘർഷങ്ങൾ ഉണ്ടാകുന്നതും പരസ്പര വിദ്വേഷം ജനിപ്പിക്കുന്നതുമായ പ്രചാരണ പ്രവർത്തനങ്ങളും പാടില്ല. മറ്റ് സ്ഥാനാർത്ഥികളുടെയോ പാർട്ടി പ്രവർത്തകരുടെയോ സ്വകാര്യ ജീവിതവുമായി ബന്ധപ്പെട്ട വിമർശനങ്ങളും പാടില്ല.

കേന്ദ്രത്തിലോ സംസ്ഥാനത്തിലോ തദ്ദേശ സ്ഥാപനങ്ങളിലോ അധികാരത്തിലിരിക്കുന്ന കക്ഷി ഔദ്യോഗിക സ്ഥാനം തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി വിനിയോഗിക്കരുത്. മന്ത്രിമാർ, എംപിമാർ, എംഎൽഎമാർ, മറ്റ ജനപ്രതിനിധികൾ എന്നിവർ തങ്ങളുടെ വിവേചനാധികാരം ഉപയോഗിച്ച് ആനുകൂല്യങ്ങൾ നൽകുകയോ പ്രഖ്യാപനങ്ങൾ നടത്തുകയോ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയോ ചെയ്യാൻ പാടില്ല. പുതിയ പദ്ധതികളോ സ്കീമുകളോ ആരംഭിക്കുകയോ ഉദ്ഘാടനം നടത്തുകയോ പാടില്ല. പെരുമാറ്റച്ചട്ടം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് ജില്ലകളിൽ മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാകും. ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ പോലീസ് മേധാവി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തദ്ദേശ വകുപ്പിലെ ജില്ലാ ജോയിന്റ് ഡയറക്ടർ, പ്രമുഖ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ കമ്മിറ്റിയിൽ അംഗങ്ങളുമായിരിക്കും.

> ക്രമസമാധാന പാലനത്തിന് വേണ്ട ക്രമീകരണങ്ങൾ സംസ്ഥാന പോലീസ് ചീഫുമായി ആലോചിച്ച് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 70,000 പോലീസ് ഓഫീസർമാരെ നിയോഗിക്കും.

പെരുമാറ്റച്ചട്ടം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അവ പാലിക്കാനും തിരഞ്ഞെടുപ്പ് സമാധാനപരമായി നടത്തുന്നതിനും ബന്ധപ്പെട്ടവർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

സ്വതന്ത്രവും സമാധാനപരവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് നടത്തുന്നതിന് വേണ്ട എല്ലാ കരുതൽ നടപടികളും കമ്മീഷൻ സ്വീകരിക്കും. ക്രമസമാധാന പാലനത്തിന് വേണ്ട ക്രമീകരണങ്ങൾ സംസ്ഥാന പോലീസ് ചീഫുമായി ആലോചിച്ച് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 70,000 പോലീസ് ഓഫീസർമാരെ നിയോഗിക്കും. പ്രശ്നബാധിത ബൂത്തുകളുടെ വിവരം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ നൽകുന്നമുറയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തും. പ്രശ്നബാധിത ബൂത്തുകളിൽ വീഡിയോഗ്രാഫിയോ വെബ്കാസ്റ്റിംഗോ ഏർപ്പെടുത്തും. അധിക സുരക്ഷാ സംവിധാനവും ഏർപ്പെടുത്തും. പോലീസ് സബ്ഇൻസ്പെക്ടർമാർ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാർ എന്നിവർക്കുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾ കമ്മീഷൻ പുറപ്പെടു വിച്ചതനുസരിച്ച് ഉദ്യോഗസ്ഥരെ പുനർവിന്യസിച്ചിട്ടുണ്ട്.

മാധ്യമപ്രവർത്തകർക്കും പെരുമാറ്റച്ചട്ടം ബാധകമാണ്. തിരഞ്ഞെടുപ്പ് സംബന്ധിച്ച വാർത്തകളുടെ നിജസ്ഥിതി മനസ്സിലാക്കിയാവണം അവ പ്രസിദ്ധീകരിക്കേണ്ടത്. ഇതിനായി ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഇൻഫർമേഷൻ ഓഫീസർ കൺവീനറും ഐ & പി.ആർ വകുപ്പിലെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ കളക്ടറേറ്റിലെ ലോ ഓഫീസർ, ഒരു വിശിഷ്ട മാധ്യമ/സാമൂഹ്യ പ്രവർത്തകൻ, ഒരു ആർട്ടിഫിഷ്യൽ ഇന്റലിജൻസ്/സോഷ്യൽമീഡിയ വിദഗ്ധൻ എന്നിവരടങ്ങുന്ന മീഡിയ റിലേഷൻ സമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ചെയർമാനായും പബ്ലിക് റിലേഷൻസ് ഓഫീസർ കൺവീനറായും 8 അംഗ മീഡിയാ റിലേഷൻസ് സമിതിയും രൂപീകരിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സോഷ്യൽ മീഡിയ എന്നിവയിലൂടെ ഉള്ള വ്യാജ വാർത്തകൾക്കെതിരെ പ്രത്യേക ജാഗ്രത വേണം. വോട്ടെടുപ്പ് അവസാനിക്കുന്നതിന് മുമ്പുള്ള 48 മണിക്കൂർ സമയപരിധിയിൽ മാധ്യമങ്ങളിലൂടെ തിരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കുന്ന പ്രചാരണങ്ങൾ പാടില്ല. തിരഞ്ഞെടുപ്പ് സംപ്രേക്ഷണം സംബന്ധിച്ച് News Broadcasting Standard Authority നൽകിയിട്ടുള്ള നിർദ്ദേശങ്ങളും അച്ചടി മാധ്യമങ്ങൾക്കായി പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.



സ്ഥാനാർത്ഥികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും തിരഞ്ഞെടുപ്പ് പ്രചാരണം നിയമാനുസൃതവും കമ്മീഷന്റെ മാർഗനിർദ്ദേശങ്ങൾക്ക് വിധേയവുമായിരിക്കണം. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ മാതൃകാ പെരുമാറ്റച്ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വാഹന പ്രചാരണത്തിനും പൊതുയോഗങ്ങൾ, പ്രകടനങ്ങൾ, എന്നിവയ്ക്കും പോലീസ് അധികാരികളിൽനിന്ന് മുൻകൂട്ടി അനുമതി വാങ്ങേണ്ടതുണ്ട്. ഉച്ചഭാഷിണിയുടെ ഉപയോഗം രാത്രി 10 മണിക്ക് ശേഷം രാവിലെ 6 മണിവരെ പാടില്ലാത്തതാണ്. നിയമാനുസൃതമായ ശബ്ദ പരിധി പാലിച്ചായിരിക്കണം പ്രചാരണ പ്രവർത്തനം നടത്തേണ്ടത്. പരസ്യ പ്രചാരണം വോട്ടെടുപ്പ് അവസാനിക്കുന്ന സമയത്തിന് 48 മണിക്കൂർ മുമ്പ് വരെ മാത്രമെ പാടുള്ളൂ. സ്ഥാനാർത്ഥികളും രാഷ്ട്രീയ പാർട്ടികളും അച്ചടിക്കുന്ന പോസ്റ്ററുകളിലും ലഘുലേഖകളിലും അച്ചടിക്കാരന്റെയും പ്രസാധകന്റെയും പേരും വിലാസവും കോപ്പികളുടെ എണ്ണവും ഉണ്ടായിരിക്കണം. അച്ചടിക്കുന്ന രേഖയുടെ പകർപ്പും പ്രസാധകന്റെ പ്രഖ്യാപനവും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നൽകിയിരിക്കണം. വോട്ടെടുപ്പ് അവസാനിക്കുന്നതിന് മുമ്പുള്ള 48 മണിക്കൂർ വേളയിൽ മദ്യനിരോധനം ഏർപ്പെടുത്തും. വോട്ടെണ്ണൽ ദിവസവും മദ്യനിരോധനം ഉണ്ടാകും.

തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി ഓരോ ജില്ലയിലും ഒരു ജനറൽ ഒബ്സർവർ ഉണ്ടാകും. ഐഎഎസ്/ഐഎഫ്എസ് തലത്തിലുള്ള ഒരു ഓഫീസറെ ഇതിനായി കമ്മീഷൻ നിയമിക്കും. സ്ഥാനാർത്ഥികളുടെ ചെലവ് കണക്ക് നിരീക്ഷിക്കുന്നതിനായി ചെലവ് നിരീക്ഷകരെയും കമ്മീഷൻ നിയോഗിക്കും. പൊതു സ്ഥാപനങ്ങളും പരിസരവും തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കാൻപാടില്ല. പൊതുസ്ഥലങ്ങളും സ്ഥാപനങ്ങളും വികൃതമാക്കുന്ന തരത്തിലുള്ളതും അനധികൃതവുമായ പ്രചാരണങ്ങൾ മോണിറ്റർ ചെയ്ത് നടപടി എടുക്കുന്നതിന് താലൂക്ക്തലത്തിലും ജില്ലാതലത്തിലും ആന്റിഡീഫേയ്സ്മെന്റ് സ്ക്വാഡ് ഉണ്ടാകും.

**വോട്ടെടുപ്പ് ദിവസം രാവിലെ ആറുമണിക്ക് അതത് പോളിംഗ് സ്റ്റേഷനിൽ വച്ച് മോക്ക്പോൾ നടത്തും. വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിക്കും. വൈകുന്നേരം ആറുമണി വരെയാണ് പോളിംഗ്.**

---

**സ്ഥാനാർത്ഥികൾക്ക് പരമാവധി ചെലവഴിക്കാവുന്ന തുക ഗ്രാമപഞ്ചായത്തിൽ 25,000 രൂപയും ബ്ലോക്ക് പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും 75,000 രൂപയും ജില്ലാ പഞ്ചായത്തിലും കോർപ്പറേഷനിലും 1,50,000 രൂപയുമാണ്. സ്ഥാനാർത്ഥികളുടെ ചെലവ് കണക്ക് ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് നൽകിയിരിക്കണം. സ്ഥാനാർഥികൾ ചെലവ് കണക്ക് നൽകാതിരിക്കുകയോ പരിധിയിൽ കൂടുതൽ ചെലവഴിക്കുകയോ ചെയ്താൽ ഉത്തരവ് തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്ക് അയോഗ്യരാക്കും.**

വോട്ടർമാർക്ക് സൗകര്യപ്രദമായ രീതിയിലാണ് പോളിംഗ് സ്റ്റേഷനുകൾ ക്രമീകരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, കുടിവെള്ളം, റാമ്പ്, സുഗമമായ വോട്ടിംഗിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തും. വോട്ടേഴ്സ് ലിസ്റ്റിൽ പേരുള്ള മുഴുവൻ പേരും പോളിംഗ് സ്റ്റേഷനിൽ എത്തി അവരുടെ വിലയേറിയ സമ്മതിദാനാവകാശം വിനിയോഗിക്കണമെന്ന് കമ്മീഷൻ അഭ്യർത്ഥിക്കുകയാണ്.

വോട്ടെടുപ്പ് ദിവസം എല്ലാ സർക്കാർ ,പൊതുമേഖലാ ജീവനക്കാർക്കും നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം അവധി അനുവദിക്കും. സ്വകാര്യ മേഖലയിലെ വ്യാപാര, വാണിജ്യ, വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അവധിയോ വോട്ട്ചെയ്യുന്നതിനുള്ള അനുമതിയോ നൽകുന്നതിന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കും. വോട്ടർ പട്ടികയ്ക്കായി Electoral Roll Management System എന്ന സോഫ്റ്റ് വെയറും തിരഞ്ഞെടുപ്പ് ഡ്യൂട്ടികൾക്കായി നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾക്ക് e-Drop, വോട്ടെണ്ണലിനായി TREND, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, വരണാധികാരി, സെക്ടറൽ ഓഫീസർ, പ്രിസൈഡിംഗ് ഓഫീസർ എന്നിവർക്ക് പോളിംഗ് ദിവസവും തലേന്നും മോണിറ്ററിംഗിനായി Poll Manager, സ്ഥാനാർത്ഥികൾക്കുള്ള Nomination Management System, EVM Tracking Software എന്നീ IT Application നുകളും കമ്മീഷൻ പൊതു തിരഞ്ഞെടുപ്പിനായി വിന്യസിച്ചിട്ടുണ്ട്.

വോട്ടെണ്ണൽ ബന്ധപ്പെട്ട വിതരണ കേന്ദ്രങ്ങളിൽ വച്ച് രാവിലെ 8 മണിമുതൽ ആരംഭിക്കും. ആദ്യം തപാൽ വോട്ടുകളാണ് എണ്ണുന്നത്. അതിനെ ത്തുടർന്ന് വോട്ടിംഗ് മെഷിനിലെ വോട്ടുകൾ എണ്ണും. ഒരു വാർഡിലെ എല്ലാ പോളിംഗ് സ്റ്റേഷനുകളിലേയും വോട്ടുകൾ ഒരേ ടേബിളിലായിരിക്കും എണ്ണുക. വോട്ടെണ്ണൽ പുരോഗതി അപ്പപ്പോൾ തന്നെ TREND Software ലൂടെ ലഭ്യമാക്കും.

# നിശബ്ദമല്ല ! ശബ്ദമാണ് വോട്ട്



പി.ജെ. ജയിംസ്
ജോയിന്റ് സെക്രട്ടറി
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

## The Vote is your Voice

ജനാധിപത്യത്തിലെ ഉത്സവമാണല്ലോ തിരഞ്ഞെടുപ്പ്. അപ്പോൾ ആ ഉത്സവത്തിന്റെ ആചാരമായി വോട്ടെടുപ്പിനെ കണക്കാക്കാം. അടിമത്തം, സാമ്രാജ്യത്വ സ്വേച്ഛാധിപത്യം, രാജവാഴ്ച, വിദേശഭരണം എന്നിവയിൽനിന്നൊക്കെയുള്ള വിമോചനമോ, പരിവർത്തനമോ ആണല്ലോ ജനാധിപത്യത്തിന്റെ കാതൽ. ഇന്നത്തെ കേരളം സ്ഥാപിതമായി അതിന്റെ ആദ്യ പൊതു തിരഞ്ഞെടുപ്പ് കഴിഞ്ഞതിന്റെ അറുപത്തിയെട്ട വർഷങ്ങൾ പൂർത്തിയായ ഈ അവസരത്തിൽ കേരളത്തിന്റെ ജനാധിപത്യ സ്വഭാവം എത്രമാത്രം വികസിച്ചു എന്ന് പരിശോധിക്കുന്നത് കൗതുകകരമായിരിക്കും.

'ജനാധിപത്യം' എന്ന അതിവിപുലമായ ആശയത്തിന്റെ ഏറ്റവും പ്രമുഖവും പ്രകടവുമായ ദൃശ്യമാണ് തിരഞ്ഞെടുപ്പുകൾ എന്ന് പറയുമ്പോൾ ജനാധിപത്യമില്ലാതെ തിരഞ്ഞെടുപ്പുകൾ ഇല്ലായെന്നും തിരഞ്ഞെടുപ്പുകൾ ഇല്ലാത്ത ജനാധിപത്യത്തിന് പൂർണ്ണതയില്ലായെന്നും പറയാം. ഒരു ഭരണസമിതിയുടെ കാലാവധി പൂർത്തിയാകുന്നതിനു മുൻപുതന്നെ അടുത്ത ഭരണസമിതിക്ക് ഭരണത്തിൽ വരാൻ കഴിയുന്ന തരത്തിൽ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കുക എന്നതിനെയാണ് കൃത്യമായ ഇടവേളകളിൽ തിരഞ്ഞെടുപ്പ് (Regular Election) നടത്തുക എന്നതുകൊണ്ടർത്ഥമാക്കുന്നത്. റെഗുലർ ഇലക്ഷൻ എന്നത് സ്വാതന്ത്ര്യവും സുതാര്യവുമായ (Free & Fair) തിരഞ്ഞെടുപ്പിന്റെ ഒരു അടിസ്ഥാന ലക്ഷണം കൂടിയാണ്. റഗുലർ ഇലക്ഷൻ എന്നത് ജനാധിപത്യം കൃത്യമായി അവിടെ പ്രയോഗിക്കപ്പെടുന്നുണ്ട് (Practise) എന്നതിന്റെയും ഒരു ഉറപ്പിക്കലാണ്.

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളെ സംബന്ധിച്ച് അവയുടെ ഭരണ സമിതിക്ക് അഞ്ചു വർഷക്കാലാവധി പൂർത്തിയാക്കിയതിനുശേഷം ഒരു ദിവസം പോലും തുടരാനാവില്ല എന്ന നിയമവ്യവസ്ഥയുള്ളതിനാൽ തിരഞ്ഞെടുപ്പുകൾ കൃത്യമായി നടക്കണമെന്നതിൽ ആർക്കും ഭിന്നാഭിപ്രായം ഉണ്ടാകാൻ വഴിയില്ല. അത് കൃത്യമായി നടത്തുക എന്നത് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഭരണഘടനാ ബാധ്യതയുമാണ്.

വോട്ടവകാശം എന്നത് ഇന്ത്യൻ ഭരണഘടന അതിന്റെ പൗരന്മാർക്ക് ഉറപ്പുനൽകുന്ന പൗരാവകാശമാണ്. ചില നിയമങ്ങളാൽ നിയന്ത്രിതമാണെങ്കിലും അത് ഇന്ത്യയുടെ ജനാധിപത്യ പ്രക്രിയയിൽ പൗരൻമാർക്ക് സജീവമായി ഇടപെടുന്നതിനും അതിന്റെ ദിശാബോധം നിർണയിക്കുന്നതിനുമുള്ള അധികാരം നൽകുന്നു. വോട്ടർ പട്ടികയാണ് അതിന്റെ ആധികാരിക രേഖ. അർഹതയുള്ളവരെയെല്ലാം ശരിയായ രീതിയിൽ വോട്ടർ പട്ടികയിൽ ഉൾപ്പെടുക എന്നത് ജനാധിപത്യത്തിലെ ഔന്നത്യത്തിന്റെ അടയാളമാണ്.

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനെ സംബന്ധിച്ച് ജനങ്ങളുടെ ഏറ്റവും വലിയ ജനാധിപത്യവകാശം വിനിയോഗിക്കലാണ് വോട്ട് ചെയ്യുകയെന്നത്.

തദ്ദേശസ്ഥാപനങ്ങളുടെ നിലവിലെ ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയതായി തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെയും കൗൺസിലർമാരുടെയും സത്യപ്രതിജ്ഞ/ ദൃഢപ്രതിജ്ഞ ചെയ്യേണ്ടതുണ്ട്. സത്യപ്രതിജ്ഞ തീയതിയും ആദ്യയോഗം വിളിച്ചു ചേർക്കുന്നത് സംബന്ധിച്ചും സർക്കാർ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കും. അതനുസരിച്ചുള്ള തുടർനടപടി ബന്ധപ്പെട്ട വരണാധികാരികൾ സ്വീകരിക്കും. അംഗങ്ങളുടെ സത്യപ്രതിജ്ഞക്ക് ശേഷം കമ്മീഷൻ നിശ്ചയിക്കുന്ന തീയതികളിൽ അധ്യക്ഷൻ, ഉപാധ്യക്ഷൻ, സ്റ്റാൻഡിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പുകൾ നടത്തും. പ്രാദേശിക ഭരണം ശക്തമാക്കുന്നതിന് വേണ്ടി ഈ ജനാധിപത്യ പ്രക്രിയയിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും വോട്ടർമാരുടെയും മാധ്യമ പ്രവർത്തകരുടെയും സഹായ സഹകരണം അഭ്യർത്ഥിക്കുന്നു.

ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് കൊണ്ടായിരിക്കും തിരഞ്ഞെടുപ്പ് നടത്തുക. ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രകൃതി സൗഹൃദപരവും നിയമാനുസൃതവുമായ മാർഗ്ഗങ്ങൾമാത്രം സ്വീകരിച്ചുകൊണ്ട്. തിരഞ്ഞെടുപ്പ് നടത്താൻ എല്ലാവരും ജാഗ്രത പാലിക്കേണ്ടതാണ്.

### വോട്ട് ചെയ്യുന്നതിന് ഹാജരാക്കാവുന്ന തിരിച്ചറിയൽ രേഖകൾ

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ഫോട്ടോ പതിച്ച എസ്എസ്എൽസി ബുക്ക്, ദേശസാൽക്കൃത ബാങ്കിൽ നിന്നും 6 മാസത്തിനു മുമ്പ് നൽകിയ ഫോട്ടോ പതിച്ച പാസ് ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ തിരിച്ചറിയൽരേഖ, ആധാർ കാർഡ്.

മാത്രമല്ല, പ്രത്യക്ഷ ജനാധിപത്യത്തിന്റെ (Direct Democracy) ഒരു വേറിട്ട മാതൃക കൂടിയാണത്. അതായത് ജനങ്ങൾനേരിട്ട് ഭരണകാര്യങ്ങളിൽ ഇടപെടുകയും ഭരണചക്രം തിരിയ്ക്കുകയുമാണവിടെ. തങ്ങളുടെ അടിയന്തിരാവശ്യങ്ങൾ മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തി സത്വര പരിഹാരം കാണുന്നതിനുള്ള അസുലഭാവസരം. ഈ അവകാശം ഭരണഘടന ഉറപ്പ് നൽകിയിട്ടുള്ളതാണ്. അതിനാവശ്യമായ അധികാരവകാശ ബാധ്യതകളോടെയാണ് തദ്ദേശസ്ഥാപനങ്ങൾ നിയമം മൂലം സ്ഥാപിക്കപ്പെട്ടിട്ടുള്ളത്.

അടിസ്ഥാനപരമായി പങ്കാളിത്ത ജനാധിപത്യ പ്രക്രിയയിലൂടെയാണ് തദ്ദേശസ്ഥാപനങ്ങളിലെ ഭരണനിർവഹണം നടത്തപ്പെടുന്നത്. അതിന് അവിടത്തെ ഓരോ വോട്ടർക്കും നിർണായക പങ്ക് വഹിക്കാനുണ്ട്. വോട്ടെടുപ്പ് പ്രക്രിയയിൽ തങ്ങളുടെ വോട്ട് രേഖപ്പെടുത്തിക്കൊണ്ടാണ് അതിന്റെ ആദ്യപടി അവർ നിർവഹിക്കേണ്ടത്. അതിലൂടെ മാത്രമേ ഏറ്റവും മികച്ച ജനപ്രതിനിധിയെ കണ്ടെത്താനാവൂ. തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനം രാഷ്ട്രീയകക്ഷി സ്ഥാനത്തിലോ രാഷ്ട്രീയ പാർട്ടികളുടെ താത്പര്യം സംരക്ഷിച്ചു കൊണ്ടോ ആയിരിക്കണമെന്ന വ്യവസ്ഥയില്ലാത്തതിനാൽ അവയുടെ പ്രവർത്തനം താരതമ്യേന കൂടുതൽ സ്വതന്ത്രവും സുതാര്യവുമാണ്.

അവിടത്തെ ഭരണത്തിൽ ജനങ്ങളുടെ താത്പര്യമാണ് സംരക്ഷിക്കപ്പെടേണ്ടത്. ഗ്രാമസഭയുടെ ശബ്ദമാണ് അവിടെ മുഴങ്ങേണ്ടത്. അതിൽനിന്നുള്ള തീരുമാനങ്ങളാണ് നടത്തപ്പെടേണ്ടത്. അങ്ങനെ തന്നെ സംഭവിക്കുന്നുണ്ടോയെന്നു നേരിട്ട് വിലയിരുത്താൻ പൊതുജനത്തിനു പ്രവേശനം ലഭിക്കുന്ന തരത്തിലാണ് ഭരണസമിതി യോഗങ്ങൾ പരസ്യമായ (open) രീതിയിൽ നടത്തപ്പെടണമെന്നാണ് നിയമത്തിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. അതുകൂടാതെ പൊതുജനം ആഗ്രഹിക്കുന്ന സമയത്ത് ഭരണസമിതിയംഗങ്ങൾ മറുപടി പറയേണ്ട ചോദ്യങ്ങൾ ചോദിക്കുന്നതിനുമുള്ള വേദി ഗ്രാമസഭ ഒരുക്കി നൽകുന്നു. ഗ്രാമസഭയിൽ തങ്ങളുടെ വികസന ആവശ്യങ്ങൾക്കുതകുന്ന പദ്ധതികൾ നിർദ്ദേശിക്കുന്നതിനും പദ്ധതി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും

**ജനാധിപത്യത്തിലെ ഏറ്റവും ശക്തിയേറിയ വാക്കും താക്കീതുമാണ്**




**അത് ജനങ്ങളുടെ ഉറച്ചതും ഉച്ചത്തിലുമുള്ള ശബ്ദമാണ്.**

സാമൂഹ്യവിപത്തുകളെ നേരിടുന്നതിനും സാമൂഹ്യസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനുമാവശ്യമായ പരിപാടികൾ സംഘടിപ്പിക്കാൻ കഴിയുന്നതിലൂടെ പൊതുനന്മയെന്ന ലക്ഷ്യത്തോടെയുള്ള ജനങ്ങളുടെ സാമൂഹ്യ ജീവിതത്തിന്റെ ഒരു പരിച്ഛേദം അങ്ങനെ തന്നെ സംഭവിക്കുകയാണിവിടെ.

ഗ്രാമസഭകൾ കൃത്യമായി സംഘടിപ്പിക്കുവാൻ പരാജയപ്പെടുന്ന കളങ്കിതമായ ഒരംഗത്തെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ ഒരു ഹർജി ഫയൽ ചെയ്തു അയോഗ്യത കൽപിച്ച് തിരിച്ചു വിളിക്കുന്നതിനുള്ള അവകാശം പോലും ജനത്തിന് നിയമം മൂലം ലഭ്യമാണ്. ഇതൊക്കെ സാധ്യമാവുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഒരു നിയോജകമണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേരുണ്ടായിരിക്കുമ്പോഴും ജനാധിപത്യ പ്രക്രിയയിലെ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കപ്പെടുമ്പോഴും മാത്രമാണ്.

ഇന്ത്യയിലെ പൗരന്മാരെ, പ്രത്യേകിച്ച് കേരളത്തിലെ ജനങ്ങളെ സംബന്ധിച്ച് അവരുടെ കൈയിലെ ശക്തിയേറിയ ആയുധമാണ് വോട്ടവകാശം. ഓരോ അഞ്ചുവർഷവും ഉപതെരഞ്ഞെടുപ്പ് വേളകളിലുമാണ് അത് ലഭിക്കുന്നതെങ്കിലും അതിന്റെ മൂർച്ച വളരെ ആഴമേറിയതാണ്.

കൃത്യമായ ഇടവേളകളിൽ ക്രമം തെറ്റാതെ ജനങ്ങൾക്ക് ഈയവസരം ലഭ്യമാക്കാനുള്ള പ്രാഥമിക ഉത്തരവാദിത്വം സ്വതന്ത്ര ഭരണഘടന സംവിധാനങ്ങളായ തിരഞ്ഞെടുപ്പ് കമ്മീഷനുകൾക്കുണ്ട്. സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ അടിത്തറയിലാണ് (Level Planning Field) ഈ അവസരം പ്രദാനം ചെയ്തിരിക്കുന്നതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനും കഴിയണം.

പോരായ്മകളേറെ പറയാമെങ്കിലും ജനാധിപത്യത്തിനും അതിലെ പോളിംഗ് സ്റ്റേഷനിൽ പോയി വോട്ട് ചെയ്യുക എന്ന പ്രക്രിയയ്ക്കും പകരം വയ്ക്കാൻ മറ്റൊന്നില്ല തന്നെ. സ്വന്തമാവശ്യമാണെന്നു തിരിച്ചറിഞ്ഞു, ഭരണഘടന മൂലം ജനങ്ങൾക്ക് സ്വായത്തമായ ശക്തിയേറിയ ഈ അവകാശത്തെ വളരെ അവധാനതയോടെ ചിന്തിച്ചു ഫലപ്രദമായി വിനിയോഗിക്കാൻ ജനങ്ങൾക്ക് കഴിയണം. അത് ജനാധിപത്യത്തെയും ഭരണഘടനയെയും സംരക്ഷിക്കാനും ശക്തിപ്പെടുത്താനുമാവണം. ഭരണഘടനയില്ലെങ്കിൽ പൗരന്മാരില്ലായെന്നും ജനാധിപത്യമില്ലെങ്കിൽ വോട്ടവകാശം പോലുമുണ്ടാവില്ലാ എന്നും തിരിച്ചറിയാൻ കഴിയണം.

ജനാധിപത്യപ്രക്രിയയിലെ ഏറ്റവും ശക്തിയേറിയ വാക്കും താക്കീതുമാണ് വോട്ട്. അത് ജനങ്ങളുടെ ഉറച്ചതും ഉച്ചത്തിലുമുള്ള ശബ്ദമാണ്. വോട്ടിലൂടെ ജനങ്ങൾക്ക് ശബ്ദമുയർത്താൻ കഴിയും. അതിലൂടെ ശബ്ദമില്ലാത്തവന്റെ പോലും ശബ്ദമാവാൻ വോട്ടിനു കഴിയും. വോട്ട് ചെയ്യുക എന്നത് ഒരു പൗരന്റെ മൗലികമായ ഉത്തരവാദിത്വമാണ്. ക്രിയാത്മകമായി ആ കടമ നിർവഹിക്കപ്പെടുന്നതിലൂടെ മാത്രമേ ജനാധിപത്യത്തിൽ പരിവർത്തനം സാധ്യമാവൂ. അതിലൂടെ ജനങ്ങളുടെ ശബ്ദം മുഴങ്ങട്ടെ !

**Chief Editor:** B.S. Prakash
**Editor:** K.M. Ayyappan

**Editorial Team:**
Sureshkumar.A
James.P.J

**Photography:**
I&PRD
Aravind.M.A

**Layout:**
Bridgingdots
Media Solutions

ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേത് മാത്രമാണ്

# പ്രചാരണം ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചു മാത്രം



## ഒഴിവാക്കാം

തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസുകളുടെ നിർമാണം, പ്രചാരണം, കൺവെൻഷനുകൾ, റോഡ് ഷോകൾ, യോഗങ്ങൾ, റാലികൾ, സമ്മേളനങ്ങൾ എന്നിവയിലെല്ലാം **നിരോധിത ഡിസ്പോസിബിൾ പ്ലേറ്റുകൾ, ഗ്ലാസുകൾ, പ്ലാസ്റ്റിക് കോട്ടിങ് ഉള്ള മറ്റു ഉത്പന്നങ്ങൾ.**

## ശ്രദ്ധിക്കുക....

റീസൈക്ലബിൾ പോളി എത്തിലിൻ പ്രിന്റിങ് ഷീറ്റുകളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകൃത **ക്യൂആർ കോഡ്, റീസൈക്ലബിൾ ലോഗോ, പ്രിന്ററുടെ വിശദാംശങ്ങൾ** എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം.

## ഉപയോഗിക്കരുത്

പിവിസി ഫ്ളക്സ്, പ്ലാസ്റ്റിക്ക് കലർന്ന തുണി, പ്ലാസ്റ്റിക്കിന്റെ അംശമോ പ്ലാസ്റ്റിക് കോട്ടിങ്ങോ ഉള്ള **പുന:ചംക്രമണം സാധ്യമല്ലാത്ത വസ്തുക്കൾ** ഉപയോഗിച്ചുള്ള ബോർഡുകൾ, ബാനറുകൾ, ഹോർഡിങ്ങുകൾ, പോസ്റ്ററുകൾ, കൊടിതോരണങ്ങൾ, ഹാരങ്ങൾ.

## ഉപയോഗിക്കാം

**പേപ്പർ,** സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമുള്ള **റീസൈക്ലബിൾ പോളി എത്തിലീൻ പ്രിന്റിങ് ഷീറ്റുകൾ, 100% കോട്ടൺ തുണി** തുടങ്ങിയവ.